# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1027** — **11/7/2011** -ൽ മറുപടിക്ക്

## വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. കെ.രാജു<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലുമായി ജോലി ചെയ്യുന്നവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രപേർ; ഇവരിൽ സ്ത്രീകളെത്ര; പുരുഷൻമാരെത്ര; ഇത്തരം സ്ഥാപനങ്ങളിൽ സെക്യൂരിറ്റിക്കാരായി മൊത്തം എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലുമായി ഉദ്ദേശം ആറുലക്ഷത്തിലേറെ തൊഴിലാളികൾ ജോലിചെയ്യുന്നതായി കണക്കാക്കുന്നു. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 06/7/2011 വരെ 79743 സ്ഥാപനങ്ങളിൽ നിന്നായി 415258 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 276612 പുരുഷന്മാരും 138646 സ്ത്രീകളുമാണ്. ഇത്തരം സ്ഥാപനങ്ങളിലെ സെക്യൂരിറ്റിക്കാരുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ബി) ഈ തൊഴിലാളികൾക്കായി ക്ഷേമനിധി ആരംഭിച്ചിട്ടുണ്ടോ; ഇതുവഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ഉണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലുമായി ജോലിചെയ്യുന്ന തൊഴിലാളികൾക്കായി ആരംഭിച്ചിട്ടുള്ള ക്ഷേമനിധി പദ്ധതിയാണ് 2007-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി. ഈ പദ്ധതി 15/3/2007-ലാണ് നിലവിൽ വന്നത്. ഈ പദ്ധതി വഴി ലഭിക്കുന്ന ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) സെക്യൂരിറ്റി ജോലിക്കിടയിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) സെക്യൂരിറ്റി ജോലിക്കാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ജോലിക്കിടെ അപകടമോ മരണമോ സംഭവിച്ചാൽ വർക്കുമെൻ കോമ്പൻസേഷൻ നിയമ പ്രകാരം തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കൂടാതെ ഇ.എസ്.ഐ ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ഇ.എസ്.ഐ നിയമ പ്രകാരം നഷ്ടപരിഹാരവും പെൻഷനും ലഭിക്കുന്നതാണ്. സെക്യൂരിറ്റി ജോലിക്കിടയിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ ക്ഷേമനിധി പദ്ധതി മുഖേന നൽകുന്നില്ല. എന്നാൽ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർ മരണമടഞ്ഞാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം മരണാനന്തര സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<u>പെൻഷൻ</u> : കുറഞ്ഞത് പത്തു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, അറുപത് വയസ്സ് തികയുന്ന മുറയ്ക്കോ സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടു വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

<u>കുടുംബ പെൻഷൻ</u> : കുറഞ്ഞത് പതിനഞ്ചു വർഷം അംശദായം അടച്ച ഒരംഗമോ, ഈ പദ്ധതിപ്രകാരം പെൻഷന് അർഹതയുള്ള അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

<u>പ്രസവാനുകൂല്യം</u> : ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ വനിതാ അംഗത്തിന്, അംഗം പ്രസവത്തിനായി അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതുവരെയുള്ള പരമാവധി 12 ആഴ്ചത്തെ വേതനം അപേക്ഷകന്റെ ജോലി വിഭാഗത്തിന് /തസ്തികയ്ക്ക് അർഹതപ്പെട്ട നിശ്ചിത മിനിമം വേതന നിരക്കിൽ ലഭിക്കുന്നതാണ്. ഗർഭം അലസൽ സംഭവിച്ച അംഗത്തിന് അംഗം അവധിയിൽ പ്രവേശിച്ച തീയതി മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതു വരെയുള്ള പരമാവധി 6 ആഴ്ചത്തെ വേതനം അപേക്ഷകന്റെ ജോലി വിഭാഗത്തിന് /തസ്തികയ്ക്ക് അർഹതപ്പെട്ട നിശ്ചിത മിനിമം വേതന നിരക്കിൽ നൽകുന്നതുമാണ്. എന്നാൽ ഈ ആനുകൂല്യം പരമാവധി 2 പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

<u>വിവാഹാനുകൂല്യം</u> : കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി അയ്യായിരം രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം പരമാവധി രണ്ടു തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളു.

<u>അംഗത്തിന്റെ കുടുംബാങ്ങളുടെ മരണാനന്തര ചെലവ്</u> : കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗത്തിന്റെയോ, അംഗത്തിന്റെ കുടുംബാംഗങ്ങളുടെയോ മരണാനന്തര ചെലവുകൾക്കായി 1000/- രൂപ വീതം ലഭിക്കുന്നതാണ്.

<u>ചികിത്സാ സഹായം</u> : മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 10,000/- രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സ സഹായം നൽകുന്നതാണ്.

<u>വിദ്യാഭ്യാസാനുകൂല്യം</u> : ഒരു വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് ബോർഡിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്.

<u>മരണാനന്തര സഹായം</u> : നിധിയിലെ ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യ മൂന്ന് വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ അയ്യായിരം രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിന് ആയിരം രൂപ വീതവും രണ്ടും കൂടി പരമാവധി 20,000/- രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ആയി നൽകുന്നതാണ്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ കൂടാതെ സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ 60 വയസ്സ് തികയുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച തുക തിരികെ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Lekha

സെക്ഷൻ ഓഫീസർ

—